ജി ആർ എച്ച് എസ് എസ്

കോട്ടക്കൽ



# മൊഴികൾ

2023-24
Digital Magazine

ലിറ്റിൽ കൈറ്റ്സ്

# മൊഴികൾ

## ഗവ.രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ, കോട്ടക്കൽ

## ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ച്

## ഡിജിറ്റൽ മാഗസിൻ

# EDITORIAL BOARD

**Noureen : Chief Editor**
**Fousan A : Sub Editor**
**Nihad MP : Sub Editor**

## Members

**Varun P V**
**Muhammed Rinshan**
**Afham M**
**Nirmal Das**
**Fathima Hanan K**
**Afeefa Sherin P**
**Ritha M**
**Arjun V**

*From Editor's Table.......*

# പട്ടങ്ങൾ പറക്കുമ്പോൾ.......

സ്വതന്ത്രമായ വാനിൽ ചരടറ്റ് പറന്ന് പൊങ്ങി കാറ്റിനൊപ്പം സഞ്ചരിക്കുന്ന പട്ടങ്ങൾ.




സ്വാതന്ത്ര്യത്തിന്റെ ഉയരകാഴ്ച്ചകൾ. സൈബറിടങ്ങളും നവമാധ്യമങ്ങളും വ്യക്തിസ്വാതന്ത്ര്യത്തിന്റെ പുതിയ മേച്ചിൽപ്പുറങ്ങളായി മാറിയ ഇക്കാലത്ത്, ലോകത്ത് എവിടെയുമിരുന്ന് എന്തിലും ഏതിലും ഇടപെടാനുള്ള അധികാരം സ്വയം പതിച്ചെടുത്തവർക്കിടയിൽ, സ്വയം ആഘോഷിക്കപ്പെടുന്ന ശരീരങ്ങൾക്കും വീമ്പുകൾക്കുമിടയിൽ, ഇവയെക്കാളൊക്കെ വേഗത്തിൽ വളർന്ന് പടരുന്ന സൈബർ ചതികൾക്കും കാപട്യങ്ങൾക്കുമിടയിൽ......ലിറ്റിൽ കൈറ്റ്സ് എന്ന കൂട്ടായ്മ ചരടറ്റ പട്ടങ്ങൾ അല്ല..മറിച്ച് കൃത്യമായ ചരടുകളാൽ നിയന്ത്രിക്കപ്പെടുന്ന സുന്ദര പട്ടങ്ങളത്രെ.

2018 ൽ രാജാസ് ഹൈസ്ക്കൂളിൽ പ്രവർത്തനമാരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന ഐടി ക്ലബ് നാളിതുവരെയുള്ള അതിന്റെ പ്രവർത്തനപഥത്തിൽ അനുനിമിഷം മാറികൊണ്ടിരിക്കുന്ന ഈ ലോകത്തെ നിർവചിക്കാൻ ഐടി സാക്ഷരത കുട്ടികളിൽ എത്തിക്കുക എന്ന ഉദ്ദേശ്യം കൂടിയുണ്ടായിരുന്നു. കൃത്യമായ മൊഡ്യൂളുകൾ പ്രകാരമുള്ള പ്രവർത്തനങ്ങൾക്കൊപ്പം അമ്മമാർക്ക് സൈബർ സുരക്ഷ ക്ലാസ്സ് നൽകിയും സമീപ സ്കൂളുകളിൽ  സൈബർ അവബോധന ക്ലാസ്സുകൾ എടുത്തതും കൈറ്റ്സ് അംഗങ്ങൾ തന്നെയാണ്. വിവിധ ക്യാമ്പുകളിൽ മികവ് തെളിയിച്ച പ്രതിഭകളൊക്കെയും ലിറ്റിൽ കൈറ്റ്സിന്റെ അഭിമാന സ്തംഭങ്ങളാണ്. ഇക്കഴിഞ്ഞ മലപ്പുറം ജില്ലാ കലോൽസവത്തിന് വിവിധ വേദികളിൽ നടന്ന കലാ മത്സരങ്ങളുടെ വീഡിയോ ചിത്രീകരണത്തിലും രാജാസിലെ ലിറ്റിൽ കൈറ്റ്സ് മുൻപന്തിയിലായിരുന്നു.





തീരുന്നില്ല, ശരിയായ ദിശയിലുള്ള ഐടി അവബോധം ഒരു പരിധി വരെ വെർച്ചൽ ലോകത്തെ ചതിക്കുഴികളിൽ പെടാതെ മാറി നടക്കാനും സൈബറിടങ്ങളിൽ ആരോഗ്യമുള്ള മനസ്സോടെ ഇടപെടാനും പ്രാപ്തരായ തലമുറ-അത് ലിറ്റിൽ കൈറ്റ്സിന്റെ അപ്രഖ്യാപിത ലക്ഷ്യം തന്നെയാണ്. ഇതിലേക്കുള്ള പ്രയാണത്തിൽ സ്കൂൾ SITC  നൽകുന്ന പിന്തുണ വളരെ വലുതാണ്.



# സന്ദേശം


കുട്ടികളുടെ അഭിരുചികൾ കണ്ടറിഞ്ഞ് പ്രോത്സാഹിപ്പിക്കാൻ
വിദ്യാലയങ്ങളിൽ വിവിധ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.
രാജാസിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് അതിലൊന്നാണ്. മികച്ച
പ്രവർത്തനങ്ങൾ നടത്തി ഇത്
മുന്നോട്ടു പോകുന്നുണ്ട്.
വിവര സാങ്കേതിക രംഗത്ത് പുതുനാമ്പുകൾ ധാരാളമായുണ്ട്.ലഭിച്ച
അറിവുകളെ സമർത്ഥമായി ആവിഷ്കരിക്കാൻ
ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് കഴിയുന്നു.
രാജാസിൽ നടന്ന ജില്ലാ കലോത്സവത്തിൽ 16 വേദികളിലായി വീഡിയോ
കവറേജ് ഫലപ്രദമായി ചെയ്ത്
ഏവരുടെ പ്രശംസ നേടിയെടുത്ത ജില്ലാകൈറ്റ് ടീമിലെ പ്രധാന പങ്കാളികൾ
ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായിരുന്നു.

അനിത്ത് മാഷും ലസിത ടീച്ചറും നേതൃത്വം കൊടുക്കുന്ന രാജാസിലെ ലിറ്റിൽ
കൈറ്റ്സ് ടീം
'മൊഴികൾ'എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ പുറത്തിറക്കുകയാണ്.
സർഗസൃഷ്ടികൾ നിറഞ്ഞതാവട്ടെ നമ്മുടെ ഈ മാഗസിൻ....
എല്ലാ ആശംസകളും നേരുന്നു.



സ്നേഹാദരപൂർവ്വം

രാജൻ എം.വി.
ഹെഡ്മാസ്റ്റർ



# സന്ദേശം

നമ്മുടെ സ്കൂളിന്റെ പഠനേതര പ്രവർത്തനങ്ങളിൽ വിവിധ ക്ലബ്ബു
കൾ വഹിക്കുന്ന സ്ഥാനം
വളരെയധികം പ്രശംസനീയമാണ് .അത്തരം ക്ലബ്ബുകളിൽ
പ്രഥമസ്ഥാനത്ത് തന്നെയാണ്
ഐ ടി ക്ലബ്ബായ ലിറ്റിൽ കൈറ്റ്സ്. മാറിക്കൊണ്ടിരിക്കുന്ന
കാലത്തിനൊപ്പം എന്നും സഞ്ചരിക്കുന്ന ലിറ്റിൽ കൈറ്റ്സിന്റെ
പ്രവർത്തനങ്ങൾ ഇന്നിന്റെ ആവശ്യകത കൂടിയായിത്തീരുന്നു.
സൈബർ സാക്ഷരത, ഐടി പരിശീലനം, സാമൂഹ്യ സേവനങ്ങൾ
എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് വഴികാട്ടികൂടിയാണ് ലിറ്റിൽ
കൈറ്റ്സ്. ഇൻഫർമേഷൻ ടെക്നോളജിയും സർഗ്ഗാത്മകതയും
ചേർന്നൊരുക്കിയ വിഭവമാണ് ലിറ്റിൽ കൈറ്റ്സിന്റെ ഈ
ഡിജിറ്റൽ മാഗസിൻ .2022-25 ബാച്ചിന്റെ
ഈ സർഗ്ഗസൃഷ്ടിക്ക് എല്ലാ ഭാവുകങ്ങളും നേരുന്നു.

ആശംസകളോടെ

ജയശ്രീ.എസ്
എസ്.ഐ.ടി.സി



# മൊഴികൾ




വിദ്യാഭ്യാസ വകുപ്പിന്റെ ലഹരി വിമുക്ത നവകേരളം പദ്ധതിയുടെ ഭാഗമായി മലപ്പുറം വിദ്യാഭ്യാസ ജില്ലയിൽ രാജാസ് സ്കൂൾ നേതൃത്വം നൽകിയ ബാല പാർലമെന്റ് വളരെയേറെ ശ്രദ്ധയാകർഷിക്കപ്പെട്ടു. രാജാസിലെ പ്രതിഭകൾക്കൊപ്പം ജി.എച്ച് എസ്.എസ് പെരിന്തൽമണ്ണ, ജി.എച്ച്. എസ്. എസ് പാണ്ടിക്കാട് , ജി.എച്ച്.എസ്. എസ് പുലാമന്തോൾ എന്നീ സ്കൂളുകളിൽ നിന്നെത്തിയ സഭാംഗങ്ങൾ ലഹരിക്കെതിരെ ശബ്ദമുയർത്തിക്കൊണ്ട് പാർലമെന്റ് നടപടിക്രമങ്ങൾ മനോഹരവും അവിസ്മരണീയവുമാക്കി.

ലഹരിയുടെ വ്യാപനം , അതിന്റെ പ്രത്യാഘാതങ്ങൾ, ഭരണകൂടത്തിന്റെ ഇടപെടലുകൾ എന്നീ വിഷയങ്ങളിലൂന്നിയ നന്ദിപ്രമേയ ചർച്ചയിൽ ഭരണ-പ്രതിപക്ഷ നിരയിൽ അണി നിരന്ന കുട്ടികൾ മികച്ച പ്രകടനമാണ് കാഴ്ച വച്ചത്.ലഹരി വിമുക്ത ഇന്ത്യ എന്ന സ്വപ്നം  സാക്ഷാത്കരിക്കുന്നതിനാണ് ഭരണകൂടം ശ്രമിക്കുന്നതെന്ന് രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഊന്നിപ്പറഞ്ഞു. ലഹരിക്കെതിരെ രാജ്യത്ത് നിലവിലുള്ള പദ്ധതികളുടെ നടത്തിപ്പിലുള്ള പഴുതടച്ച പ്രവർത്തനങ്ങളും പുതിയ ആസൂത്രണങ്ങളുമാണ് ഇനി വേണ്ടതെന്ന പ്രതിപക്ഷത്തിന്റെ  പ്രമേയത്തിന്  കൈയടിച്ചുകൊണ്ട് സഭാംഗങ്ങൾ സമ്പൂർണ പിന്തുണ നൽകി. ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തു കൊണ്ട്  സ്പീക്കർ പാർലമെന്റ് നടപടിക്രമങ്ങൾ



അവസാനിപ്പിച്ചു. മലപ്പുറം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീ.രമേഷ് കുമാർ സർ, ജില്ല വിദ്യാഭ്യാസ ഓഫീസർ ശ്രീമതി റുഖിയ പി.പി. എന്നിവർ ബാല പാർലമെന്റ് സംഘാടനത്തെയും അവതരണത്തേയും പ്രത്യേകം അഭിനന്ദിച്ചു. പരിപാടിയിൽ പങ്കെടുത്ത സ്കൂൾ ഹെഡ് മാസ്റ്റർ രാജൻ എം.വി , പി.ടി. എ അംഗങ്ങൾ എന്നിവരും കുട്ടികളെ പ്രത്യേകം പ്രശംസിച്ചു.വിമുക്തി കോർഡിനേറ്റർ ജലാൽ താപ്പി, ബാല പാർലമെന്റ്കോർഡിനേറ്റർ ഷമീമ . കെ , കൈറ്റ് കോർഡിനേറ്റർ അനിത് കുമാർ എന്നിവരാണ് നേതൃത്വം നൽകിയത്.

**ഷമീമ . കെ, HST Social Science**

ഷമീമ . കെ,
HST Social Science

# ലഹരിക്കെതിരെ അമ്മമാർക്കൊപ്പം.



ലഹരിക്കെതിരെയുള്ള പോരാട്ടത്തിൽ അമ്മമാരെയും കൂടി ചേർത്ത് പിടിച്ച് കൊണ്ട് വിദ്യാഭ്യാസ വകുപ്പ് അമ്മ മാർക്കായി വിമുക്തിബോധവൽക്കരണ ക്ലാസ് നടത്തി.

ആയിരത്തിലപ്പുറം ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസുകൾ വിവിധ ഭാഗങ്ങളിൽ നടത്തിയ എക്സൈസ് ഓഫീസർ ഗണേശ് സർ ക്ലാസെടുത്തു. ലഹരിയുടെ വിപത്ത് ,അത് തടയാനുള്ള മാർഗങ്ങൾ ,വീട്ടിലും , വിദ്യാലയത്തിലും കുട്ടികളുഭവിക്കുന്ന പ്രശ്നങ്ങൾ എന്നിവ ആഴത്തിൽ പറഞ്ഞു തന്ന വളരെ മികച്ച ക്ലാസായിരുന്നു അദ്ദേഹത്തിൻ്റേത്. യോഗം മലപ്പുറം ഡി.ഇ.ഒ P P റുഖിയ ഉദ്ഘാടനം ചെയ്തു.പ്രിൻസിപ്പാൾ P R സുജാത അധ്യക്ഷയായിരുന്നു.യോഗത്തിന് ഹെഡ്മാസ്റ്റർ എം.വി.രാജൻ സ്വാഗതവും സ്കൂൾ വിമുക്തി ക്ലബ്ബ് കൺവീനർ അബ്ദുൾ ജലാൽ നന്ദിയും പറഞ്ഞു.

# എന്റെ വിദ്യാലയം

ഫായിസ.പി.കെ



അന്ന് ആദ്യമായി ഞാൻ
നിൻ വഴികളിൽ കയറിയപ്പോൾ
നീ എനിക്കായി തന്നത്
അപരിചിതത്തിന്റെ
കറുത്ത നിറം മാത്രമാണ്
പിന്നെ നിന്നിലേക്കായി
ഞാൻ അടുത്തപ്പോൾ
ഒരു വിദ്യാലയം എന്നതിലുപരി
നീ എനിക്ക് എല്ലാമായി മാറി
ഇരുളിൻ വഴികളിൽ
ശൂന്യമായ ഓർമ്മ താളുകളിൽ
പ്രകാശത്തിന്റെ
വഴികാട്ടിയൊരെൻ അധ്യാപകർ
മനസ്സിൻ കൂട്ടിൽ മായാത്ത മന്ത്രമായി
സ്നേഹത്തിൻറെ പൂക്കളാൽ വലയം തീർത്ത കൂട്ടുകാർ
ഏകാന്തതയുടെ വേദനകൾക്കപ്പുറം
മനസ്സിൻ കൂട്ടിൽ ആശ്വാസത്തിന്റെ
തിരിനാളങ്ങൾ തെളിയിച്ചു
തടാകത്തിന്റെ നീലിമ
മന്ദമാരുതൻ കാറ്റിനോടായി
കിന്നാരം ചൊല്ലുമെൻ കാറ്റാടി മരങ്ങൾ
ഞാറമരത്തിൽ ചുവട്ടിൽ ഇരുന്ന്
നെയ്തെടുത്ത കിനാക്കൾ തൻ തോണിയിൽ
മറുകരയേറി ഞാൻ നടന്നകലുന്നു
ഇന്നെനിക്ക് അന്യമായി മാറിയതെല്ലാം
ഒരു തീരാ വേദനയാണ്
എന്റെ നിഴലിനു കൂട്ടായ്
ഒരിറ്റു മിഴിനീർ തുള്ളികൾ
ഇറ്റിവീണുഓർമ്മതൻ പൂക്കളെല്ലാം.

# തുന്നി ചേർത്ത കിനാവുകൾ

ഷഹാന ഷെറിൻ

പാതകൾ പിന്നിട്ടു പോകുന്നു
ദൂരങ്ങൾ ......താണ്ടി കിനാവുകൾ താണ്ടി ....
കോലാഹല പെരുമഴകൾ പിന്നിട്ട്
ദൂരദിക്കുകൾ പിന്നിട്ട് വിട്ടകലുന്നു
പ്രാണനെ പിന്നിട്ട് വറ്റിയ നദികൾ കാടുകൾ
പിന്നിട്ട് പാതകൾ പോകുന്നു
സൗഹൃദങ്ങൾ സ്നേഹങ്ങൾ
ആകാശവീഥികൾ താണ്ടി
നക്ഷത്ര കൂട്ടങ്ങൾ താണ്ടി
പാതകൾ നീളുന്നു
മുറിഞ്ഞ കിനാവുകളിലേക്ക്
നക്ഷത്രങ്ങൾ തുന്നി ചേർത്ത നിറങ്ങളിലേക്ക്
വാക്കുകൾ പാത നെയ്യുന്നു.
ജീവിതത്തിന്റെ വ്യഥകളിൽ നിന്നും
സ്നേഹത്തിന്റെ
ആകാശങ്ങളിലേക്ക് വാക്കുകൾ
പാത നെയ്യുന്നു.

# തിരികെ മടങ്ങുമ്പോൾ..



ഇവിടെനിന്നെങ്ങോട്ടാണ് സർ ?...വണ്ടി നിയന്ത്രിച്ച് മുന്നോട്ട് നീങ്ങുന്ന ഡ്രൈവറുടെ ചോദ്യം കാതുകളിൽ പതിഞ്ഞപ്പോൾ അയാൾ പതുക്കെതലയുയർത്തി.കണ്ണുകൾ പതിക്കേണ്ടുന്നത്. തന്റെ ജന്മഭൂമിയിലേക്കാണെന്ന, 20 വർഷത്തോടടുത്തായി അത്രയേറെ നെഞ്ചോട് ചേർത്തുപിടിച്ച പലതിനെയും പലരെയും ഉപേക്ഷിച്ച് താൻ ഇവിടം വിട്ട് പോയിട്ട് എന്ന ബോധം അയാളിൽ ലജ്ജാബോധം ഉണർത്തുന്നുണ്ടായിരുന്നു വലത്തോട്ട് ....അയാളുടെ ചുണ്ടുകൾ മന്ത്രിച്ചു. ഇത്രയും വർഷങ്ങൾക്കിപ്പുറം ഇങ്ങോട്ട്
വരാനുള്ള ധൈര്യം ഏതുനിമിഷത്തിലാണ് തന്റെയുള്ളിൽ ഉദിച്ചതെന്നയാൾ സ്വയം ശപിച്ചുകൊണ്ടോർത്തു. ഇവിടെയാണോ? ഉം... അയാൾ തല ഉയർത്താതെ തന്നെ മൂളി. അതെ... താനിപ്പോൾ തെന്നലയിലാണ് , തന്നെ, താനാക്കിമാറ്റിയ തന്റെ സ്വന്തം മണ്ണിലാണ് , ജന്മഭൂമിയിലാണ്. ഇവിടം വിട്ട് കൽക്കട്ടയിൽ പോയന്നു മുതൽ ചന്ദ്രൻ അവനല്ലാതായിതീർന്നു. കൽക്കട്ടയിലെ
വൃത്തിഹീനമായ ഒറ്റമുറിയും സിഗരറ്റിന്റെയും മദ്യത്തിന്റെയും ഇടകലർന്ന മണവും ഒറ്റപ്പെടല ◌ും അയാളെ ശരിക്കും മടുപ്പിച്ചിരുന്നു. തെന്നലയുടെ ശുദ്ധവായു ശ്വസിക്കാൻ അയാൾ ഏറെ ആഗ്രഹിച്ചിരുന്നെങ്കിലും ധൈര്യമുണ്ടായിരുന്നില്ല. ആ ധൈര്യമാണ് ഇന്നയാളിൽ ഉടലെടുത്തിരിക്കുന്നത്. ഒരുപക്ഷേ മനസ്സിനുമപ്പുറത്തേക്ക് ശരീരത്തിന് സംഭവിച്ച മാറ്റങ്ങൾ ആവാം , പ്രായത്തെ ഓർമിപ്പിക്കുന്ന നരച്ചുതുടങ്ങുന്ന
മുടികളാവാം അയാളെ സഹായിച്ചിട്ടുണ്ടാവുക. തെന്നലയുടെ ഹരിതഭംഗികൾക്കിടയിൽ ചന്ദ്രനെ തനിച്ചാക്കി , നാടും വീടും ഉപേക്ഷിച്ച് പോയ ഏട്ടനെ അവൾ എങ്ങനെ ഓർമ്മിക്കും? ഉണ്ടെങ്കിൽ തന്നെ അവൾ അത് നടിക്കുമോ? അവരോടുള്ള കടമയേക്കാൾ , താൻ പരിഗണിക്കേണ്ടിയിരുന്നു. ഒരാൾതെന്നലയിൽ ഉണ്ടെന്നത് അല്ലെങ്കിൽ ഉണ്ടായിരുന്നു എന്നത് അവൻ ഒരു നിശ്വാസത്തോടെ ഓർത്തു. ഇന്നും അമ്പിളി തന്നെ തന്നെ കാത്തിരിക്കുന്നു

ണ്ടാകുമോ എന്നയാൾ ഭീതിയോടെ ഓർത്തു.എങ്കിലും അതയാളിൽതന്നെ ഒരിത്തിരി സന്തോഷം നൽകുന്നതയാൾ തിരിച്ചറിഞ്ഞിരുന്നു.അവൾ തന്നിൽനിന്നർഹിച്ചിരുന്ന പരിഗണനയുടെ പകുതിയെങ്കിലും താനവൾക്ക് നൽകിയിരുന്നോ ? കുറ്റബോധപ്പെടാൻ തന്റെ ജീവിതത്തിൽ നടന്ന സംഭവങ്ങൾക്കിടയിൽ....പരിഗണിക്കാൻ താൻ മറന്നുപോയവർക്കിടയിൽ എന്നും തന്നെ മനസ്സിലാക്കിയവൾ,തന്നോടൊപ്പം നിന്നവൾ,അമ്പിളി... 5 അടികൾക്കപ്പുറം തെളിഞ്ഞുകാണുന്നത് തന്റെ സ്വന്തം വീടാണെന്ന ,സ്വബോധം അയാളിൽ ആഹ്ലാദവും കുറ്റബോധവും ഒരുപോലെ ഉണർത്തി. തന്റെ വീടിന്റെ പടികൾ കടന്നവൻ പൂമുഖത്തേക്ക് പ്രവേശിച്ചു.എല്ലാം നിശ്ചലമാവുകയാണ്. തന്റെ വീടിന്റെ പൂമുഖത്തുണ്ടായിരുന്ന തന്നെ എന്നും സ്നേഹിച്ചിരുന്ന, തന്നെ കുറിച്ചായിരം സ്വപ്നങ്ങൾ കണ്ടിരുന്ന തന്റെ അമ്മയുടെ ഫോട്ടോ അയാളിൽ നനവ് പടർത്തി. ചന്ദ്രേട്ടാ....ഒരുപാട് കാലശേഷം കേൾക്കുന്ന വിളി, അമ്പിളിയുടേത്. അന്നും ആ വിളിയിൽ പ്രണയമുണ്ടായിരുന്നതവൾ തിരിച്ചറിഞ്ഞു.എല്ലാമവൾ പറഞ്ഞുതുടങ്ങി,കല്ല്യാണം കഴിഞ്ഞുപോയ തന്റെ പെങ്ങളെക്കുറിച്ച്, തന്നെക്കുറിച്ചായിരം സ്വപ്നങ്ങൾ കണ്ട് മരിച്ച അമ്മയെക്കുറിച്ച്,തെന്നലയ്ക്കുവേണ്ടി, തന്റെ ജന്മഭൂമിക്കുവേണ്ടി ചെയ്തുപോയ ഒരു കൊലപാതകത്തിന് വേണ്ടി തെന്നലവിട്ടുപോയ തന്നെക്കുറിച്ച്,അവളുടെ ചന്ദ്രേട്ടനെകുറിച്ച്...അയാൾ എല്ലാം കേട്ടിരുന്നു. തെന്നല ഉപേക്ഷിച്ച് ഇന്നയാൾ മടങ്ങുകയാണ്. തനിക്കേറ്റവും കടപ്പാടുള്ള അമ്പിളിയോടൊത്ത്, എന്നാൽ...ഇവിടെ നിന്ന് കൊൽക്കത്തയിലെത്തുമ്പോൾ അയാളിൽ തെന്നലയിൽ താമസിച്ചിരുന്നു ചന്ദ്രനുണ്ടാവും എന്ന പ്രതീക്ഷ ഉണ്ടായിരുന്നു. അയാൾ തെന്നലയെ ഉറ്റുനോക്കി. .. വീണ്ടും നല്ലതും ചീത്തതുമായ ഓർമ്മകൾ പുതുക്കാൻ വീണ്ടും ഇങ്ങോട്ട് വന്നേക്കാം...ഒരുപക്ഷേ...ചന്ദ്രന്റ ചിന്തകൾ പൂർണ്ണമാകുന്നതിനുമുമ്പ് ട്രെയിൻ മുന്നോട്ടെടുത്തു. അയാളുടെ തോളിൽ തലചായ്ച് അമ്പിളി കിടന്നു. ട്രെയിൻ പതുക്കെ മുന്നിലേക്ക് നീങ്ങി.

പ്രാർത്ഥന

# മനുഷ്യൻ






ഫാത്തിമ ഷഹാന

കാലത്തിൻ ചിറകിലേറിയവർ മുന്നോട്ട് ഉയരുന്നു
വന്ന വഴികൾ ഓർക്കാത്തവൻ
അവ മായ്ച്ചു കളയാൻ ആഗ്രഹിക്കുന്നവൻ
എന്തുചെയ്യണമെന്നറിയില്ലവന്


എങ്ങോട്ടാണെന്ന് ഓർക്കുന്നുമില്ല
ചെയ്തുകൂട്ടുന്ന  വൻ തിന്മകൾ
ചെയ്യുകയില്ല ഒരു നന്മയും

പണം എന്നൊരാഗ്രഹം മാത്രം
അവന് ധനം എന്നൊരാഗ്രഹം മാത്രം
എന്തും ചെയ്യും അവൻ പണത്തിനുവേണ്ടി
എന്തും കൊടുക്കും അവൻ ധനത്തിനുവേണ്ടി

കൂട്ടരേ സ്നേഹിക്കാത്തവൻ
പെറ്റമ്മയെ വെറുക്കുന്നവൻ

മനുഷ്യത്വം ഇല്ലാത്തവൻ

അവൻ ഒരു മനുഷ്യൻ .



# നാറാണത്തുഭ്രാന്തൻ ആസ്വാദനക്കുറിപ്പ്

ഞാൻ വായിച്ചതിൽ വച്ച് എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ട ഒരു പുസ്തകമാണ് നാറാണത്ത് ഭ്രാന്തൻ .ഈ പുസ്തകം എഴുതിയത് സി.പി പള്ളിപ്പുറമാണ്. ഒരു കല്ല് കുന്നിൻ മുകളിൽ ഉരുട്ടി കയറ്റി അത് താഴേക്ക് ഇട്ടശേഷം പൊട്ടിച്ചിരിച്ചിരുന്ന നാറാണത്തുഭ്രാന്തനെ നമുക്കറിയാം, അതിനപ്പുറത്ത് സ്നേഹവും, ധർമ്മവും ,ജ്ഞാനവും ഉള്ള നാരായണത്തുഭ്രാന്തനെ കുറിച്ച് ഈ പുസ്തകത്തിൽ പറയുന്നു. കുട്ടികൾക്ക് മനസ്സിലാവുന്ന വളരെ ലളിതമായ ഭാഷയിലാണ് ഇത് എഴുതിയിട്ടുള്ളത്. പറയിപെറ്റ പന്തിരുകുലത്തിലെ ഒരാളാണ് നാറാണത്ത് ,വരരുചിക്കും പഞ്ചമിക്കും ഉണ്ടായ 12 മക്കളാണ് പറയിപെറ്റ പന്തിരുകുലം .രജകൻ, കാരക്കലമ്മ ,അകവൂർചാത്തൻ ,വടുതല നായർ ,വള്ളോൻ ,ഉപ്പുകൊറ്റൻ ,പാണനാർ, പെരുന്തച്ചൻ വായില്ലാകുന്നിലപ്പൻ,നാറാണത്തുഭ്രാന്തൻ ഇത്രയും പേരാണ് പറയിപെറ്റ പന്തിരുകുലത്തിൽ ഉണ്ടായിരുന്നത് .അച്ഛനും അമ്മയും ഉപേക്ഷിച്ച അവരെ വിവിധരായ ആളുകൾ എടുത്തു വളർത്തി അവരുടെ മേഖലയിൽ അവർ വളരെ വിദഗ്ധരായി തീർന്നു.നാറാണത്തിന്റെ പൊട്ടിച്ചിരിയും അത്ഭുത സിദ്ധിയും എങ്ങും പറന്നിരുന്നു അദ്ദേഹം നാടെങ്ങുംസഞ്ചരിച്ചിരുന്നു .അദ്ദേഹം ഒരു സ്ഥലം കണ്ടെത്തും അവിടെ ആയിരിക്കും ഊണും ഉറക്കവും എല്ലാം പിന്നീട്. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ നാറാണത്ത് അച്ഛനെയും അമ്മയെയും കണ്ടുമുട്ടുന്നു അവർ പറഞ്ഞതനുസരിച്ച് നാറാണത്ത് എല്ലാ സഹോദരന്മാരെയും കണ്ടുപിടിച്ച കൊണ്ടുവരാം എന്ന് പറയുന്നു ഒരു താളിയോലക്കെട്ടും കൊടുത്തയക്കുന്നു അങ്ങനെ എല്ലാവരെയും കണ്ടുപിടിച്ച് അവിടെ എത്തിക്കുന്നു അങ്ങനെ പഞ്ചമിയുടെയും ,വരരുചിയുടെയും കണ്ണുകൾ അടയുന്നു പിന്നീടവർ അവരുടെ മേഖലയിലേക്ക് തിരികെ പോകുന്നു ഇത് കഴിഞ്ഞ് പിന്നീടും കഥകൾ നടന്നിട്ടുണ്ട് എനിക്ക് ഈ കഥ വളരെയധികം ഇഷ്ടപ്പെട്ടു. ഒരു കഥ വായിച്ച കഴിഞ്ഞാൽ അടുത്ത ത്എന്തായിരിക്കും എന്ന് മനസ്സിൽ ആകാംക്ഷ ഉണർത്തുന്ന ഒരു കഥയാണിത്.

**നർമ്മദ**

# ലഹരി എന്ന ശാപം

ലഹരി വസ്തുക്കളുടെ ഉപയോഗം സമൂഹത്തിൽ ക്യാൻസറിനെപ്പോലെ മനുഷ്യരാശിയെ കാർന്നു തിന്നുന്ന ഒരു മഹാവിപത്തായി മാറിയിട്ടുണ്ട് ലഹരിയുടെ ഉപയോഗം മൂലം കുടുംബ ബന്ധങ്ങളിലും സാമൂഹിക ബന്ധങ്ങളിലും വലിയ വിപത്താണ് ഉണ്ടാകുന്നത് മാത്രമായ സുഖത്തിനുവേണ്ടി വരുമാനത്തിന്റെ നല്ലൊരു പങ്കും ചിലവാക്കുന്നു ഇതുവഴി ആ വ്യക്തിയുടെ കുടുംബത്തെ സംരക്ഷിക്കാൻ കഴിയാതെ പോവുകയും തന്റെ ജീവിതം പോലും ഹോമിക്കപ്പെടുന്ന അവസ്ഥയിലേക്ക് പോവുകയും ചെയ്യുന്നു. ലഹരി വസ്തുക്കൾ വ്യക്തികളുടെ ആരോഗ്യത്തെ ബാധിക്കുന്നു. താൽക്കാലികമായി കിട്ടുന്ന സുഖാനുഭൂതി തന്റെ ജീവിത നശിപ്പിക്കുകയാണ് എന്ന് ഈ വ്യക്തികൾ അറിയുന്നില്ല ഇന്ന് സമൂഹത്തിൽ വിവിധ തരത്തിലുള്ള ലഹരിവസ്തുക്കൾ ആണ് വ്യാപരിക്കുന്നത് മദ്യം, പുകയില ,കഞ്ചാവ് ,സ്റ്റാമ്പ് എസ് എൽ ഡി പോലുള്ള ലഹരി വസ്തുക്കളാണ് ഇന്ന് സമൂഹത്തെ കാർന്നുതിന്നുന്നത് കുട്ടികൾ മുതൽ മുതിർന്നവർ വരെ ലഹരിയുടെ പിടിയിലാവുന്നുണ്ട് .ഒരു രാജ്യത്തിന്റെ നട്ടെല്ലായി മറേണ്ട യുവത്വം ഇന്നൊരു തെറ്റായ മാർഗത്തിലേക്ക് നീങ്ങുമ്പോൾ വ്യക്തിയുടെയും കുടുംബത്തിന്റെയും രാജ്യത്തിന്റെയും സാമ്പത്തികവും സാമൂഹികവുമായ ഘടനയിൽ തളർച്ചയുണ്ടാകുന്ന ഈ വിപത്തിൽ നിന്നും സമൂഹത്തെ രക്ഷിക്കേണ്ട കടമ നാം ഓരോരുത്തർക്കും ഉണ്ട് ആ ചുമതല നമ്മൾ നിറവേറ്റുക തന്നെ വേണം



ശ്രീനന്ദ



# നിരോധന

## ഹസനത്ത് മറിയം

ഹൃദയത്തിന്റെ വിശാലതയിൽ
കുങ്കുമം ചാർത്തിയ പ്രണയത്തിന്
നിരോധനം

അടിച്ചമർത്തിയ ഏകാധിപത്യത്തിനെതിരെ
മുഷ്ടിചുരുട്ടി വിപ്ലവം കത്തിച്ച രാഷ്ട്രീയത്തിന്
നിരോധനം

ദിനാരംഭത്തിൽ ജീവൻ നിലനിർത്താൻ
ഈശ്വരനെ വിളിച്ച ശാസ്ത്രത്തിന്
നിരോധനം

കോറിയിട്ട ചിത്രങ്ങൾ
കീറിയെറിഞ്ഞ് കലക്കി
നിരോധനം

ലിംഗത്തിന്റെ മതിൽ കെട്ടി
സൗഹൃദങ്ങൾക്ക്
നിരോധനം
അതെ ഇതൊരു ജനാധിപത്യ സ്ഥാപനമാണ്

# സ്കിറ്റ് പറയാതെ പറയുന്നത്....

അനിത്കുമാർ.ആർ,
എച്ച്.എസ്.ടി.ഇംഗ്ലീഷ്



കലോത്സവം-രാജാസിനെന്നും ഉത്സവമാണ്. കോൽക്കളി,ഒപ്പന,നാടകം,തിരുവാതിര.....അങ്ങനെ..അങ്ങനെ. വാദ്യഘോഷങ്ങളുടെയും താളപ്പെരുക്കങ്ങളുടെയും ദിവസങ്ങൾ.അക്കൂട്ടത്തിലേക്ക് കൂട്ടിച്ചേർക്കപ്പെട്ട ഇംഗ്ലീഷ് സ്കിറ്റ്.

നിശ്ചിത സമയത്തിനുള്ളിൽ(10 മിനിറ്റ്) ഒരു വിഷയം സമഗ്രമായും ആക്ഷേപഹാസ്യപ്രദമായും സരസമായ വിമർശന ബുദ്ധിയോടെയും അപതരിപ്പിക്കുക എന്നത് ഒരു വെല്ലുവിളി തന്നെയാണ്.രചനക്കും സംവിധാനത്തിനമൊപ്പം ഇഴുകി ചേർന്ന് പോകുന്ന നടീനടന്മാർ രാജാസിന്റെ അഭിമാനമാണ്. സ്കിറ്റ് വണ്ടിയെ മുന്നോട്ട് നയിക്കുന്ന എഞ്ചിൻ രാജാസിലെ ഇംഗ്ലീഷ് അധ്യാപകർ തന്നെയാണ്. സ്ക്രീനിങ് മുതൽ സംസ്ഥാനതലം വരെ എത്തുമ്പോഴേക്കും ശരീരത്തിന് തളർച്ചയുണ്ടാകുമെങ്കിലും മനസ്സ് അടുത്ത വർഷത്തേക്കുള്ള ഉർവര ഭൂമികയായി മാറിയിട്ടുണ്ടാകും.



വർത്തമാന സാമൂഹ്യ സാഹചര്യങ്ങളിൽ സെക്യുലറിസം നേരിടുന്ന പരീക്ഷണങ്ങൾ, ഭക്ഷണത്തിന്റെ രാഷ്ട്രീയം,ഹിംസാത്മകമാകുന്ന മത ചിഹനങ്ങൾ കാട്ടാളത്തത്തിലേക്കുള്ള മനുഷ്യന്റെ റിവേഴ്സ് പരിണാമം, നിക്ഷിപ്തതാല്പര്യങ്ങൾക്ക് മുമ്പിൽ ചരിത്രം വെട്ടിമുറക്കപ്പെടുന്നത്, സ്വേച്ഛാധിപത്യത്തിന്റെ അശ്ലീലത തുടങ്ങിയ വിഷയങ്ങൾ രാജാസിന്റെ സ്കിറ്റിലൂടെ കത്സോസവവേദികളിൽ സംവദിക്കപ്പെട്ടതാണ്.

പണക്കൊഴുപ്പിന്റെ മേളകളിൽ രാജാസിന്റെ ഇംഗ്ലീഷ് സ്കിറ്റിനെ വ്യതിരിക്തമാക്കുന്നത് അത് തികച്ചും ഈ വിദ്യാലയത്തിലെ അധ്യാപകരുടെയും കുട്ടികളുടെയും മൗലിക സൃഷ്ടി എന്നതാണ്. എല്ലാത്തിനുമുപരി സ്കിറ്റ് സൃഷ്ടിക്കുന്ന അധ്യാപക-വിദ്യാർത്ഥി സഹവർത്തിത്തം എക്കാലവും നിലനിൽക്കുന്ന ഒരാത്മബന്ധത്തിന്റെ മുന്നൊരുക്കം കൂടിയാണ്. വിദ്യഭ്യാസം അതിന്റെ പാവനമായ പരിപൂർണതയിലെത്തുന്ന അസുലഭ സന്ദർഭങ്ങൾ.......




**ഷഹനത്ത് മറിയം. സി**

ചെങ്കോലുമായി അധ്യാപകൻ വന്നപ്പോൾ
പുസ്തകം എടുത്തു വയ്ക്കുന്ന തിരക്കിൽ
എണീക്കാതെ പോയ കുട്ടിയെ തല്ലി പുറത്താക്കി
നിറഞ്ഞ കണ്ണുകളോടെ ചുറ്റും നോക്കിയപ്പോൾ
തല താഴ്ത്തി നിൽക്കുന്ന മറ്റൊരു കുട്ടി കൂടിയുണ്ടായിരുന്നു

ആ... വരാന്തയിൽ ..
ഇടറുന്ന വാക്കുകളോടെ കുട്ടി ചോദിച്ചു
"നിന്റെ പേരെന്താ ?"
അധ്യാപകൻ ബോർഡിൽ കോറിയിട്ട വാക്കുകൾ
കാണിച്ചവൻ പറഞ്ഞു
"ജനാധിപത്യം"



# ഓർമ്മയൂണ്ടോ......

ഓർമ്മയൂണ്ടോ മനുഷ്യാ
നിനക്കു നിൻ ശൈശവകാലം
ഓർത്തിട്ടുണ്ടോ
അമ്മിഞ്ഞപാലിൻ മധുരം
നുകർന്നൊരു ശൈശവകാലം
ഓർത്തിട്ടുണ്ടോ
വേറൊരു ചിന്തയുമില്ലാതെ
കളിച്ചും ചിരിച്ചും നടന്നൊരു
ശൈശവകാലം ഓർത്തിട്ടുണ്ടോ
പിന്നെ നാം പടിപടിയായി വിദ്യാലയ
ലോകത്തേക്ക് കടന്നത്

ഓർമ്മയൂണ്ടോ......

ആദ്യാക്ഷരം പകർന്നു നൽകിയ ഗുരുനാഥരെ
നമുക്കോർമയൂണ്ടോ
ഇന്നീ കാലത്തോളം
അറിവു നൽകിയ ഗുരുനാഥരാണെന്റെ
കാണാദൈവം

ഷമ്ന എം

# കോവിഡും മനുഷ്യരും



കോവിഡ് വന്നു

ലോക്ക്ഡൗണായി

ലോകം മുഴുവൻ ഓൺലൈനിലുമായി

മാസ്കും സാനിറ്റൈസറുമായി

മാനവരെല്ലാം കരുതിയിരുന്നു

നേഴ്സമാരും ഡോക്ടർമാരും

മാനവർ തൻ രക്ഷകരായി

കോവിഡു പോയി

ലോക്ഡൗണും പോയി

മാനവർ പിന്നെയും ഭിന്നതകാട്ടി

**വരുൺ പി വി**

# പഴം -പൊരി



മാവിലും മധുരത്തിലും കുഴഞ്ഞ്

എണ്ണയിൽ പൊള്ളിനീറുമ്പോഴാണ്

അസ്ഥിത്വം വെടിഞ്ഞ് ഞാൻ

നിനക്കിഷ്ടമാർന്ന

പഴം-പൊരിയാവുന്നത് .

പക്ഷെ..

പൊരിയാതെ

പുറന്തോടുകൾ പൊട്ടിച്ചെറിഞ്ഞ്

വെറുമൊരു പഴമാവലാണ്

എനിക്കിഷ്ടം.

**നിഷ സി**

**എച്ച് എസ് ടി മലയാളം**

# സ്വപ്നം

മനസ്സെന്ന
മോഹനഛായയിൽ
മുങ്ങി ഞാൻ
ഒരു വർണ്ണ ശലഭമായ്
പറന്നുയരുന്നു
സുഗന്ധത്തിൻ വാഹിയാം
തെന്നലിലൂടെ എൻ
അറിയാത്ത സ്വപ്നങ്ങൾ
ഒഴുകി അലയുന്നു
ആരെയോ തിരയുന്ന മട്ടിലെൻ
സ്വപ്നങ്ങൾ
ഭിത്തിയാം വാനിൽ
മുഴങ്ങുകയായിരുന്നു
ആ മുഴക്കമാം
എന്നിലോരോ
മോഹങ്ങൾ
മൊട്ടിട്ടു വിരിയുന്ന
പോലെയാണ്
എന്നാൽ
മോഹങ്ങളേക്കാൾ
എനിക്കു വലുത്
ആത്മ ബന്ധമാണ്
എന്റെ
ആത്മാവിലുള്ള
ആത്മ ബന്ധം.

ആയിഷ ബത്തൂൽ

# പുഴകൾ

ഇന്ന് ഒഴുകുന്ന പല പുഴകൾക്കും അവരുടെ ഒരുദുരന്ത കഥയും ഒരുസന്തോഷകരമായ കഥയും പറയാൻ കഴിയും. ഇന്ന് ഒഴുകാത്ത പുഴകൾക്കും ഇത് ഉള്ളതാണ്, നമ്മുടെ നാട്ടിൽ പണ്ട് ധാരാളം കുളങ്ങളും അരുവികളും കാണാമായിരുന്നു എന്നാൽ ഇന്ന് അതല്ല സ്ഥിതി പല ജലാശയങ്ങളും ഇന്ന് ഒന്നുമില്ലാതെ ചില പുല്ലുകൾ മാത്രമുള്ള തരിശുഭൂമികളായി മാറി. എന്നാൽ ആ തരിശു ഭൂമിയിൽ 2018 പ്രതികരിച്ചിരുന്നു, ഇങ്ങനെ അന്ന്പുഴ പ്രതികരിച്ചപ്പോൾ പിന്നെ അവശേഷിച്ചത് തകർന്ന കെട്ടിടങ്ങൾ ആയിരുന്നു .നമ്മൾ എത്രതന്നെ സാങ്കേതികവിദ്യയിൽ മുൻപിൽ ആണെങ്കിലും പ്രകൃതിയുടെ ശാസ്ത്ര നിയമങ്ങൾ തെറ്റിച്ചാൽ പിന്നെ ശൂന്യമായിരിക്കും .പുഴകൾ ഒരിക്കലും ഇങ്ങോട്ട് വന്ന് ഉപദ്രവിക്കാറില്ല, പക്ഷേ..... ക്ഷമ നശിച്ചാലോ .എന്തായാലും പുഴകൾ ഒരു വരം തന്നെയാണ്. ഇന്ത്യയിൽ നിർമ്മിക്കുന്ന വൈദ്യുതിയുടെ 75% വും ഡാമുകളിൽ നിന്നാണ്. അതുമാത്രമല്ല കവികൾക്ക് പുതിയ ആശയങ്ങൾ നൽകുകയും മനുഷ്യൻറെ മനസ്സിന് കുളിർമ നൽകുകയും ചെയ്യുന്നു .പക്ഷേ ചെയ്യുന്ന പക്ഷേ പ്ലാസ്റ്റിക് എന്ന മഹാവിപത്ത് നമ്മുടെ നാട്ടിലെ പുഴകൾക്ക് നാശം വിതയ്ക്കുന്നു അതുപോലെ മണൽവാരൽ നമ്മുടെ പുഴകളെ നശിപ്പിക്കാൻ കാരണമാകുന്നു നമ്മുടെ പുഴ അത് നമ്മുടെ അവകാശമാണ് എന്ന് തിരിച്ചറിഞ്ഞ് ദൃഢനിശ്ചയമെടുത്ത് ഓരോരുത്തരും പ്രതികരിച്ചാൽ നമുക്ക് ഒരു അരുവിയെങ്കിലും രക്ഷിക്കാൻ സാധിക്കും .നമുക്ക് കഴിയാത്തതായി ഒന്നുമില്ല, പുഴകൾ വേണ്ട എന്ന വിചാരിച്ചാൽ നമ്മെ കൊണ്ട് സാധിക്കും പക്ഷേ അത് ഉണ്ടാക്കുന്ന ദുരന്തം തടയാൻ നമുക്ക് സാധിക്കില്ല .നമ്മുടെ മാതാവായ ഭൂമി നൽകുന്ന ജീവാമൃതം നിരസിച്ചാൽ അത് മാതാവിനെ ദേഷ്യപ്പെടുത്തുകയും ചെയ്യും.ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും ജലം കിട്ടാതെ മരണങ്ങൾ വരെ സംഭവിക്കാറുണ്ട് ഇവിടെ ഈ ഭൂമിയിൽ നാം ജലം സംരക്ഷിക്കുകയും അത് ലഭിക്കാത്തവർക്ക് നൽകുകയും ചെയ്യുന്നതിലൂടെ മാത്രമേ നമുക്ക് രക്ഷ നേടാൻ സാധിക്കുകയുള്ളൂ.

**എസ് .ശ്രീരാഗ്**


# രാജ വിദ്യാലയം



ഓർമയാം ജലാശയത്തിൽ
ഒരു ചെറു ഓളമായി
നാം മാറുകയായി
ഈ തരുക്കളും
ഞാറ ചുവടുകളും
തടാകനീലിമയും
എന്നും എന്റെതെന്ന ബോധവുമായ്
ഞങ്ങളിതാ
പടിയിറങ്ങുന്നു
കളിയിടത്തിൻ ഊർജഭാവം
സ്വച്ഛ ശാന്തമാം നീലജലാശയമാകവെ
സ്വബിംബം നോക്കി നിർവൃതി നേടുന്നു
ഈ വിദ്യാലയം
എൻ വികാരമാണീ രാജ വിദ്യാലയം.

പ്രമോദ് എ
എച്ച് എസ് ടി ഇംഗ്ലീഷ്

# ആധി



പച്ചപ്പ് നിറഞ്ഞ നെൽപാടങ്ങളും തോട്ടിലെ വെള്ളത്തിലൂടെ നീന്തി കളിക്കുന്ന മീനുകളും കുട്ടികളിൽ വല്ലാത്തൊരു ആവേശമു ണ്ടാക്കിയിരുന്നു. കുറച്ചു സമയം ഞാൻ ഓടിക്കളിച്ചതിനു ശേഷം അവർ മീൻ പിടിക്കാൻ തോട്ടിലിറങ്ങി. പാട വരമ്പത്ത് അത് നോക്കിനിന്നപ്പോൾ മനസ്സിലേക്ക് ബാല്യകാലനുഭവങ്ങൾ അറിയാതെ ഒരു തെന്നലായി തഴുകി വന്നു.മഴ കാലത്ത് സ്കൂളിൽ പോവുന്ന വഴിയിൽ പാട വരമ്പിൽ നിന്ന് കാൽ വഴുതി വീണതും വൈകുന്നേരങ്ങളിൽ തോട്ടിൽ നീന്താൻ വരുമ്പോൾ മീൻപിടിക്കാൻ പരിശ്രമം നടത്തി പരാജയപ്പെട്ടതുമെല്ലാം മനസ്സിലൂടെ കടന്നുപോയപ്പോൾ ഞാനൊരു കുട്ടിയായി മാറിയതുപോലെ. ആ നല്ല ഓർമ്മകൾ പലപ്പോഴും കുട്ടികളുമായി പങ്കുവെച്ചപ്പോൾ കുട്ടികൾ തോട്ടിൽ നീന്തണമെന്നും മീൻ പിടിക്കാൻ പോകണമെന്നും പറയാൻ തുടങ്ങി.ആ ആവശ്യം ശക്തമായപ്പോഴാണ് തോട്ടും പാടവും അടുത്തുള്ള ബന്ധു വീട്ടിൽ വന്നത് തന്നെ. കുട്ടികളും എന്നെ പോലെ മീൻ പിടിത്തത്തിൽ പരാജയപ്പെട്ടോ അതോ പെട്ടെന്ന് ചിന്തയിൽ നിന്നുണർന്നപ്പോൾ കു ട്ടികളെ കാണാനില്ലായിരുന്നു.എവിടെ പോയി പാടവരമ്പത്തും കണ്ടില്ല.നീട്ടി വിളിച്ചെങ്കിലും വിളി കേട്ടില്ല.ഞാൻ വിളിക്കു ന്നതൊന്നും കേൾക്കാതെ ഇക്ക അപ്പു റത്ത് ആരോടൊ കുശലം പറഞ്ഞ് നിൽ ക്കുന്നു. ആകെ ബേജാറായി പലയിടങ്ങളിലേക്കും കണ്ണുകൾ പറയുമ്പോൾ കുറച്ചപ്പുറത്തായി കണ്ട മോട്ടർ പുരയുടെ ഉള്ളിൽ നിന്ന് എന്തോ ശബ്ദം കേട്ട പോലെ. പടച്ചോനെ എന്റെ കുഞ്ഞുങ്ങളെ ആരെങ്കിൽ...... ആലോചിക്കുന്തോറും ആവലാതിയായി ശബ്ദം പുറത്തേക്ക് വരാതായി. എങ്ങനെയോ ഓടി ഇക്കയുടെ അടു ത്തെത്തിയപ്പോൾ നിന്നെക്കെന്തു പറ്റി ആകെ പേടിച്ച പോലെയുണ്ടല്ലോ കുട്ടികൾ...

കുട്ടികളെ കാണുന്നില്ല.....

കുട്ടികളതാ അപ്പുറത്ത് പെട്ടെന്ന് മീൻ പിടിക്കാനുള്ള സൂത്രം യൂ ട്യൂബിൽ തിരയു ന്നു. ആ സമയം എന്റെ മനസ്സിൽ ആശ്വാസത്തോടൊപ്പം ഉണ്ടായ വികാരമെന്തായിരുന്നുവെന്ന് എനിക്കറിയു ന്നില്ല.

**ഷമീമ. പി**
എച്ച്.എസ്.ടി മലയാളം

# അവസാനത്തെ ഇല

പ്രകാശൻ പൂക്കാട്ടിരി

മരണത്തിന്റെ കണ്ണീരുപ്പ്കലർന്ന
സങ്കടക്കടലേ
നിലവിളികളോടിയൊളിക്കുന്ന
വഴുക്കലിന്റെ
ഇരുണ്ട ഗുഹാവഴികളുടെ
കൺഠങ്ങളെ .....
കറുത്ത മേഘങ്ങളാൽ
ആകാശം മറച്ച
അപ്രത്യക്ഷമാകുന്ന
പകൽ വെളിച്ചത്തിൻ
സ്നേഹാലയങ്ങളെ
ചുവന്ന പൂക്കളാൽ
ചിതറിയ
മാംസം കൊണ്ടെഴുതിയ
ഇൻസ്റ്റലേഷനുകളുടെ
തലയിണകളേ..
അവസാനത്തെ
ഇല കൊഴിഞ്ഞു പോകല്ലേയെന്ന
പ്രാർത്ഥനയാലൊരു
പെൺകിടാവുണ്ട്...
പുറത്ത് തോക്കു കൊണ്ടും
ബോംബ് കൊണ്ടും
വരയ്ക്കുന്ന
ചിത്രമരത്തെ നോക്കി
വ്യർത്ഥമായി
സ്വപ്നം നെയ്യുതവൾ ..
മരണം തൊടുമ്പോൾ
എത്ര പെട്ടെന്നാണ്
സ്വപ്നങ്ങൾ ഓർമ്മകളാകുന്നത്
പച്ചയിൽ കീറിമുറിച്ചിട്ട
ജീവനുകൾക്ക്
നിറം നൽകുന്നതെങ്ങനെയെന്നുഴറി
യൊരാൾ
ജാലകത്തിനു വെളിയിൽ
തളർന്നിരിപ്പുണ്ടെന്നവൾ
അറിയാതിരിക്കട്ടെ.....




# ഫ്ലവർ ഷോയുടെ മാസ്മരികതയിലൂടെ

അർഷ ടി പി

എന്റെ ജീവിതത്തിൽ എനിക്കിഷ്ടപ്പെട്ട ഒരു യാത്ര അനുഭവമാണ് ഈയിടെ പോയ ഊട്ടി യാത്ര .ഉമ്മയുടെ വീട്ടിൽനിന്നും ഒരു കുടുംബ യാത്രയായിരുന്നു ഞങ്ങൾ പോയത്. വളരെ ആകാംക്ഷയോടെ പുലർച്ചെ നാലിന് തലേന്ന് എടുത്തുവച്ച കുറച്ച് സാധനങ്ങളുമായി ഞങ്ങൾ ട്രാവലറിൽ പുറപ്പെട്ടു. ഉറക്കം ശരിയാവാത്തത് കൊണ്ടാണെന്ന് തോന്നുന്നു ചെറുതായി ഒന്നു മയങ്ങി. വഴിയിൽ വണ്ടി നിർത്തി ഒരു പള്ളിയിൽ കയറി സുബിഹി നമസ്കാരം നമസ്കരിച്ച ഞങ്ങൾ വീണ്ടും യാത്ര തുടങ്ങി .ഒന്ന് വെളിച്ചം വെച്ച് തുടങ്ങിയപ്പോൾ ഞങ്ങൾ പ്രഭാത ഭക്ഷണത്തിനുവേണ്ടി വണ്ടി നിർത്തി ചപ്പാത്തിയും ,ചിക്കൻ കറിയും കഴിച്ച് യാത്ര പ ുനരാരംഭിച്ചു. വഴിനീളെ മരങ്ങൾ കൊണ്ട് പ്രകൃതിരമണീയമായിരുന്നു. ഞങ്ങളുടെ വണ്ടിപാട്ട് മേളം പോലെയായിരുന്നു സമ്മാനവും ഉണ്ടായിരുന്നു ,അതോടെ എല്ലാവരും പാടി .ഒരു വലിയ തടാകം (പുഴയാണോ, തടാകം ആണോ എന്ന് എനിക്ക് സംശയമുണ്ട്) മലകളും പച്ചപ്പ് പിടിച്ച മൈതാനവും നിറഞ്ഞ പ്രദേശം എനിക്ക് വളരെയധികം ഇഷ്ടമായി.

വൈകാതെ തന്നെ ഞങ്ങൾ ഒരു ക ു ന്നിൽ എത്തി. അവിടെ കുറച്ച സമയം ചിലവഴിച്ച ശേഷം ഞങ്ങൾ ബൊണിക്കൽ ഗാർഡനിലേക്ക് പോയി .അവിടെ ഫ്ലവർ ഷോ നടക്കുന്ന ദിവസമാണ് അതിന്റെ തിക്കും തിരക്കും ധാരാളമായിട്ടുണ്ട് ,പലതരത്തിലും പല രൂപത്തിലും പല നിറത്തിലുള്ള പൂക്കൾ അറേഞ്ച് ചെയ്തു വച്ചിട്ടുണ്ട് ,പൂക്കൾ കൊണ്ട് പല രൂപങ്ങളും രൂപകൽപ്പന ചെയ്തിരിക്കുന്ന മനസ്സിന് ആനന്ദം നൽകുന്ന മനോഹരമായ കാഴ്ച ! വേണ്ടുവോളം ആസ്വദിക്കാൻ സാധിച്ചു.ഇതെല്ലാം ആസ്വദിച്ച് കുറെ സമയം അവിടെ ചിലവഴിച്ച ,പിന്നീട് റോസ് ഗാർഡനിലേക്ക് പോയി. അവിടെ മനോഹരമായ റോസാപ്പൂക്കൾ കൊണ്ട് ഒരു ഈഫൽ ടവർ തന്നെ പണിതിരുന്നു. പലനിറത്തിലും വലിപ്പത്തിലും പൊതുവേ കാണാത്ത പലതരം റോസാപ്പൂക്കൾ അവിടെ ഉണ്ടായിരുന്നു അവിടെനിന്ന് കുറച്ച കഴിഞ്ഞപ്പോൾ ഒരു മാർക്കറ്റിലേക്ക് പോയി ആവശ്യമായ സാധനങ്ങൾ എല്ലാം മേടിച്ച് വൈകുന്നേരത്തോടെ ഞങ്ങൾ നാട്ടിലേക്ക് തിരിച്ചു.





# തനിയെ......

പ്രകാശൻ പൂക്കാട്ടിരി

എത്ര പൂക്കാലം വന്നാലും
വരണ്ട ഗ്രീഷ്മത്തെയോർത്ത്
പിടയുന്നൊരാൾ
വിടാതെയുണ്ടുള്ളിൽ.....!
തിമിർപ്പുകളുടെ പകൽ നിറവുകളിൽ
ഇരുളാഴത്തിലൂന്നിയ
ഏകാന്തമായ തുരുത്തിൽ
ഉപേക്ഷിക്കപ്പെട്ടവനെപ്പോലൊരാൾ .....!
ഏതുറക്കത്തിലും
ഒരു ചെറു സ്പർശനമാത്രയിൽ
പിടഞ്ഞുണർന്നു
പതർച്ചയിൽ
നോക്കിപോകുന്നൊരാൾ...
അപമാനത്തിന്റെ ഉരുകിയ
ഓർമ്മകളല്ല പതനങ്ങളുടെ ഇച്ഛാഭംഗമല്ല

നിരർത്ഥകതയുടെ കയ്പ്
അലോസരപ്പെടുത്തിയിട്ടില്ല
ഇന്നോളവും
മരണം ഇഴഞ്ഞു വരുന്നുവെന്ന


നടുക്കമേയല്ല
എന്നിട്ടും കാരണമില്ലാതെയുള്ള
ഉള്ളുലയലുകളെ

തണുപ്പ് പുതയുന്ന നിശബ്ദതയെ
ഒറ്റയ്ക്ക് ചുമന്നു നിൽക്കേണ്ടതിന്റെ
നിസ്സഹായതയിൽ....
ആരവങ്ങളിലുയിർക്കുന്ന
ചുട്ടുപൊള്ളിക്കുന്ന
നിലവിളികൾതൻ
അഗ്നിശലാകകളുടെ മൂർച്ചയിൽ
മുറിപ്പെട്ട്
ജീവിച്ചിരിക്കെതന്നെ
ലാഘവത്തിന്റെ നനുത്ത
ജലവഴികളെ
അനുഗമിക്കുവാനാകാതെ
ഉഴറിപ്പിടഞ്ഞു
ശബ്ദമില്ലാതെയുറക്കെയാർത്തുപെയ്ത്
ഈ പെരുംപാതയോരത്ത്
തനിയെ.......

# ഓർമ്മയിലെ താളുകൾ

ഉപ്പ വരുന്നതും കാത്ത് എല്ലാവരും വലിയ ആകാംക്ഷയോടെ നോക്കി നിൽക്കുകയാണ്. അങ്ങനെ കുറെ കാലത്തെ കാത്തിരിപ്പിനൊടുവിൽ ദുബായിൽ നിന്നും വന്ന ഉപ്പ ഇതാ വീണ്ടും മ◌ുത്ത് കാല◌ുകുത്തിയിരിക്കുന്നു .എല്ലാവരും വലിയ സന്തോഷത്തിലായിരുന്നു ഞാനും സന്തോഷത്തിലായിരുന്നു. എന്നാലും വലിയൊരു ആവേശമോ ആരവങ്ങളോ ഒന്നുമില്ല കാരണം ഞങ്ങൾ മക്കളും ഉമ്മയും അടങ്ങുന്ന വീട്ടിൽ പൊരുത്തപ്പെട്ട് ജീവിക്കാൻ തുടങ്ങിയിട്ട് കാലമേറെയായി അപ്പോൾ പിന്നെ ഉപ്പയും ഒരു വിരുന്നുകാരനായി മാറിയിരിക്കുന്നു ഞങ്ങൾക്കും ...ചിലപ്പോൾ ആഗ്രഹം ഉണ്ടായിട്ട് കൂടി എല്ലാം എത്തിക്കഴിയാത്തതുകൊണ്ടാണ◌ോ എന്നറിയില്ല പഠനകാര്യങ്ങളിൽ ശ്രദ്ധിക്കുക പതിവില്ല. ഫോൺ വിളിക്കുമ്പോൾ മറ്റും പഠനത്തെക്കുറിച്ച് കൂടുതൽ സംസാരിക്കും എപ്പോഴും ഒന്നാമത് എന്നുള്ള ഒരു സന്ദേശം ഒപ്പം നൽകാറുണ്ട് ,അതുകൊണ്ടുതന്നെ എല്ലാ പ്രാവശ്യവും മറ്റുള്ളവർക്ക് അത്രമാർക്ക് കിട്ടിയുള്ളൂ അല്ലേ എന്നൊന്നും പറയാതെ പഠനത്തിൽ ഒന്നാമതായി തീരാൻ ശ്രമിക്കാറുണ്ടായിരുന്നു .ആ ഒരു മത്സരബുദ്ധി എന്നും മനസ്സിൽ ഉറച്ചു നിൽക്കാനുള്ള കാരണം ഉപ്പയായിരുന്നു .എന്നതിൽ ഞാൻ അഭിമാനം കൊള്ളുന്നു. എന്തൊക്കെ പറഞ്ഞാലും വീട്ടുജോലികളും പഠനവും ഒക്കെ ആയിട്ട് തിരക്കുള്ള ദിവസങ്ങളിൽ ഇടക്കെപ്പോഴെങ്കിലും സമാധാനിക്കാനായി ഫോണോ, ടിവിയോ നോക്കിയിരിക്കും .അത് എന്നെ സംബന്ധിച്ച ഒരു റിഫ്രഷ് ആകുന്ന സംഭവമാണ്. പിന്നെ ഇ◌ൗയിടെയായിട്ട് ഭക്ഷണത്തിനോട് ഉറക്കത്തിനോടും ഒരുപാട് അടുപ്പം കൂടിയിട്ടുണ്ടായിരുന്നു .വീട്ടിലെ എല്ലാ കുടുംബകാര്യങ്ങളും മറ്റു തിരക്കുകളും ഭാരമായി തീരാതിരിക്കാൻ എനിക്ക് പഠനം ഒരുപാട് സഹായകമാണ് .ഇടയിലുള്ള ഒരു ആശ്വാസം നിമിഷമാണ് എന്റെ സ്കൂൾ സമയം .അങ്ങനെ ഉപ്പ വീട്ടിലുള്ള ദിവസം ആരംഭിക്കുകയാണ് അപ്പോൾ പിന്നെ പറയേണ്ടല്ലോ വീടെല്ലാം വളരെ അച്ചടക്കത്തോടെ സൂക്ഷിക്കേണ്ടതുണ്ട് ഞങ്ങളെ സംബന്ധിച്ച് അത് വലിയൊരു മാറ്റം ആയിരിക്കും കാരണം ഉപ്പ ഒപ്പം ഇല്ലാത്തപ്പോൾ വലിയ ചിട്ടകൾ ഒന്നുമില്ലാതെ ,എന്നാലും എല്ലാം കഴിയുന്ന പോലെ വൃത്തിയും വെട◌ിപ്പുമായി കൊണ്ടുനടക്കാൻ ഉമ്മ ഒരുപാട് പാടുപെടാറുണ്ട്, ഞാനും സഹോദരിയും സഹായിക്കുകയും ചെയ്യും. പക്ഷേ ഞങ്ങൾ നാലു മക്കളെയും ,വീട◌ും ,കുടുംബവും എല്ലാം നോക്കി നടത്തേണ്ടതിന്റെ പരിഭവം പറിച്ചിലുകൾ ആ വീട് മുഴങ്ങി കേൾക്കാറുണ്ടായിരുന്നു .ഉപ്പയുള്ളപ്പോൾ വളരെ ശാന്തമായി കിടക്കാറുള്ള വീടല്ല പോയാൽ ഉണ്ടാവുക .വീണ്ടും ഞങ്ങൾ തിരക്കേറിയ ജീവിതത്തിലേക്ക് ഞങ്ങളെ എല്ലാവരുടെയും ദൈനംദിനം ജീവിതത്തിലെ പ്രാഥമിക കാര്യങ്ങൾ നോക്കാനെ സാധിക്കാറുള്ളൂ.അതുകൊണ്ടുതന്നെ പഠനം എനിക്ക് ഒരു വീക്നെസ് ആണ് എന്ന് തന്നെ പറയാം .എന്തൊക്കെ പറഞ്ഞാലും എനിക്ക് എന്റെകുടുംബം തന്നെയായിരിക്കും എന്ന◌ും സന്തോഷം എന്ന് ഞാൻ ഓർക്കാറുണ്ട് .എന്റെ മനസ്സ് ഇടയ്ക്ക് അത് മന്ത്രിക്കും ഉമ്മയും ഉപ്പയും ഞങ്ങൾ നാലു മക്കളും അടങ്ങുന്ന ഈ കുടുംബത്തെക്കാൾ പ്രിയപ്പെട്ട മറ്റൊന്നും എനിക്ക് ലഭിക്കാനില്ല. ആ നാലിലൊരുവളായി ജനിച്ചതിൽ ഞാൻ എന്നും അഭിമാനം കൊള്ളാറുണ്ട്. എല്ലാ പ്രാർത്ഥനകൾക്കിടയിലും ഞങ്ങളെ കുറവുകൾ ഒന്നും അറിയിക്കാതെ നോക്കി വളർത്തിയതിൽ ഈ ജീവിതം മുഴുവനും അവരെ സ്നേഹിച്ചു പരിപാലിച്ചാലും മതിയാവുകയില്ല എന്നത് എന്നെ ഒരുപാട് ഹൃദയസ്പർശമാക്കാറുണ്ട്,ഇങ്ങനെ ഞാൻ അടങ്ങുന്ന ഈ കുടുംബത്തിലെ ഓരോരുത്തർക്കും ഇതുപോലൊരു കഥ പറയാനുണ്ടാകും എന്ന് ഞാൻ വാക്ക് തരുന്നു.

നൗറീൻ




**ഞാൻ** ഗവൺമെൻറ് രാജാസ് ഹയർ സെക്കൻഡറി സ്കൂൾ ആണ് .എനിക്കും ചിലത് പറയാനുണ്ട് .നൂറുവർഷത്തിലേറെയായി ഞാൻ പ്രവർത്തിക്കാൻ തുടങ്ങിയിട്ട് ഒരുപാട് സങ്കടങ്ങൾക്കും സന്തോഷങ്ങൾക്കും വിടവാങ്ങലുകൾക്കും ഒത്തുകൂടലുകൾക്കും ഞാൻ സാക്ഷിയായിട്ടുണ്ട് .കുട്ടികളും അധ്യാപകനും തമ്മിലുള്ള ബന്ധം എത്ര മനോഹരമാണ് ചെറിയ കുട്ടികളുടെ കുസൃതികൾ കാണുമ്പോൾ ഞാൻ അറിയാതെ ചിരിച്ച പോകാറുണ്ട്. കുട്ടികൾ പോയി കഴിഞ്ഞാൽ ക്ളാസ് മുറികളിലെ ബെഞ്ചുകൾ എന്നോട് സംസാരിക്കാറുണ്ട്, കുട്ടികളുടെ സംസാരങ്ങൾ എന്നെ അവരിലേക്ക് ആകർഷിക്കാറുണ്ട് .എനിക്കും അവരെപ്പോലെ ആവാൻ സാധിച്ചിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കാറുണ്ട് .വരുമ്പോൾ കരഞ്ഞു വരുന്ന കുരുന്നുകൾ പിന്നീട് എന്നെ ഇഷ്ടപ്പെട്ടിട്ടുണ്ട് .എന്നിൽ നിന്ന് നിങ്ങൾ പടിയിറങ്ങുമ്പോൾ നിങ്ങളെപ്പോലെ തന്നെ അത് എന്നെയും വല്ലാതെ തളർത്തിയിരുന്നു. കുട്ടികൾ ഇല്ലാത്ത നിശബ്ദത നിറഞ്ഞ അന്തരീക്ഷം എനിക്കിഷ്ടപ്പെടാറില്ല ,രാവിലെ വരുന്ന കുട്ടികളെ ഞാൻ സ്നേഹത്തോടെയാണ് സ്വീകരിക്കാറുള്ളത് നിങ്ങളാണ് എന്റെ ജീവിതം. ഇവിടെ പിരിഞ്ഞുപോയ ബന്ധങ്ങൾ ഒന്നിക്കുന്നത് കാണാനും എനിക്ക് സാധിച്ചിട്ടുണ്ട്, എന്റെ മുന്നിലുള്ള **ചിന** എനിക്ക് ഒരു പ്രത്യേക ഭംഗിയാണ് തരുന്നത്. മറ്റുള്ളവരിൽ നിന്നും എന്നെ അത് വ്യത്യസ്ത ആക്കുന്നുണ്ട് .നിങ്ങളിൽ ലയിച്ചുചേർന്ന എന്റെ ജീവിതവും എന്നെ സുന്ദരമാക്കുന്ന നിങ്ങളെയും മായാത്ത ഒരു മുറിവ് എന്നപോലെ എന്നിൽ അവശേഷിക്കുന്നുണ്ട്. കാലങ്ങൾ കഴിഞ്ഞാലും നിങ്ങളുടെ ഓർമ്മകൾ പുതുക്കാൻ എന്നിലേക്ക് എത്തണം ഞാൻ നിങ്ങളുടെ ഓർമ്മകളെ നിധി പോലെ സൂക്ഷിക്കുന്നുണ്ട് .തിരിഞ്ഞുനോക്കാൻ മറക്കരുത് ,ബന്ധങ്ങളുടെയും മൂല്യം മനസ്സിലാക്കാൻ സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.ഓരോ പടി കയറുമ്പോഴും നമ്മൾ കയറിവന്ന പടികളിലേക്ക് തിരിഞ്ഞു നോക്കുക ആ വഴിയാണ് നമ്മളെ ഓരോ സ്ഥാനത്തും എത്തിക്കുന്നതെന്ന് മറക്കാതിരിക്കുക.

**നിതാ മഹ്ബിൻ പിടി**

# ബാല്യകാലം



## കൗശിക്

ഓർക്കുന്നു ഞാനെന്റെ ബാല്യകാലം

സുന്ദര സ്വപ്നത്തിൻ മധുര കാലം

തിരികെ ലഭിക്കാത്ത നഷ്ട കാലം

സൗഹൃദ കൂടിന്റെ സാന്ത്വന കാലം

സ്നേഹവും സന്തോഷവും ഉള്ള കാലം

എന്നുമെൻ ബാല്യകാലം

ആഘോഷ ആരവങ്ങളുടെ കാലം

ആനന്ദ സുദിനങ്ങളുടെ കാലം

ചിന്തകളില്ലാത്ത സുന്ദരകാലം

ബുദ്ധിമുട്ടുകൾ അറിയാത്ത നല്ലകാലം

ആടി തിമിർത്തു വളർന്ന കാലം

തിരികെ പോകാൻ മോഹിക്കുന്ന കാലം.

# മൊഴികൾ



ടീം കൈററ്സ് കലോൽസവ ചിത്രീകരണത്തിന്

